**കവിത**

ഡോ. ഇന്ദുലാൽ ജി.

# വരിക നീ വീണ്ടും

അസ്തമയാർക്കൻ തന്റെ ചെങ്കതിർ വീശീടവേ
നിന്നു ഞാൻ തൊഴുകൈ തീർത്ത താമരപ്പൂമൊട്ടുമായ്
ഭാരതം ലോകത്തിന്റെ പുണ്യമായ് ദാനംചെയ്ത
'ആനന്ദവിവേക'ത്തിന്റെ സമാധിക്കരികിലായ്.

ഭീഷ്മമാം ശബ്ദംകൊണ്ടങ്ങു താൻ പുകളേറ്റീ
ഭാരതസംസ്കാരത്തിൻ പ്രൗഢമാം സാന്നിദ്ധ്യത്തെ
'ഭ്രാതാവേ'യെന്ന വിളിയാൽ തീർത്തേനല്ലോ
ഈ മണ്ണിൽ മട്ടുപ്പാവിലുന്നതഗിരിശൃംഗം.

അറിവിൻ പാരാവാരമുള്ളിലായ് നിറച്ചു നീ
പൂനിലാവുപോലല്ലോ പ്രസരിപ്പിച്ചതു ചുറ്റും
മാനവലോകത്തിനായ് വിവേകമണിരത്നം
ആനന്ദത്തേനിൽ ചാലിച്ചവിടുന്നു ഞങ്ങൾക്കേകീ.

ജാതിചിന്തകൾ തീർത്ത മൗഢ്യമാം വേലിക്കുള്ളിൽ
ബന്ധിതരായിപ്പോയ കൈരളീസമൂഹത്തെ
ഭ്രാന്താലയം തന്നിൽ വസിപ്പോരെന്നാണല്ലോ
വ്യാകുലനാം ഭവാൻ വിളിച്ചു അവസാദത്താൽ.

വംഗദേശത്തെ സിംഹഗർജ്ജനം ലോകത്തിനെ
അടിതൊട്ടു മുടിയോളം രോമാഞ്ചമണിയിച്ചു
ധീരനായ്, ധർമ്മത്തിന്റെ കാവലാളായിത്തന്നെ
പൂജിപ്പൂ തവരൂപം ആദരസമന്വിതം.

ഗുരുശിഷ്യബന്ധത്തിന്നൂഷ്മളപ്രഭ ചിന്നി
പ്രപഞ്ചം നമിക്കുന്ന വിസ്മയദ്വയങ്ങളായ്
വിശ്വൈകനഭസ്സിങ്കലെന്നെന്നും പ്രകാശിപ്പൂ
രാമകൃഷ്ണനും താനും ഉജ്ജ്വല മിഴിവോടെ.

ഇന്ദ്രനായ് നരന്മാരിലേറ്റവും ധൈര്യത്തോടെ
ജീവിതക്രമത്തിന്റെ ജീർണ്ണതക്കെതിരായി
'ഉണരാനെണീറ്റീടാൻ, ബോധമുള്ളവരാകാൻ'
ഊർജ്ജദായകനായി നീയല്ലോ പ്രഘോഷിച്ചൂ.

സംസ്കൃതചിത്തത്തിലെ തെളിനീരുറവയാൽ
നനച്ചൂ മോദാലെന്നും മാനവചിന്താധാര
അതുതാനല്ലേയിന്നും ഈ ലോകയുവത്വത്തിൻ
ആരാലുമണയ്ക്കുവാനാവാത്തൊരന്തർശക്തി.

അങ്ങയാൽ കൊളുത്തിയ ദീപമാണല്ലോ പാരിൽ
അന്ധകാരത്തിൻ മറനീക്കുവാൻ തുണയായി
ക്രൗര്യമാം ജാതിഭ്രാന്തിന്നലയാഴിയിൽ മുങ്ങി
വലയുന്നോർക്കവിടുന്ന് നൗകയായ് രൂപപ്പെട്ടു.

ആ ദീപം ചെറുകാറ്റിലലയുമ്പൊഴെല്ലാം കേൾക്കാം
'റാം റാം' എന്ന ദീനമാം നിലവിളി
ജാതിയും മതഭ്രാന്തും തീർക്കുന്ന ഭ്രാന്താലയം
തച്ചുടച്ചീടാൻ വരൂ ലോകൈക ഗുണനിധേ.

മാനസസരോവരം വിഷലിപ്തമാക്കാൻ പക്ഷെ
അതിദ്രോഹനിബിഡമാം പങ്കില ചിത്തത്തോടെ
കലാപക്കൊടുങ്കാറ്റിൻ അർവാചീനധ്യായങ്ങൾ
വിരചിക്കയാണെങ്ങും നരകം ചമയ്ക്കുവോർ.

ഈ ഭൂവിലശാന്തിതൻ പെരുമഴ പെയ്യിക്കുവാൻ
ഋഷ്യശൃംഗന്മാർക്കായി നെട്ടോട്ടമോടുന്നവർ
ഊഴിതൻ സമസ്തവും വിക്രയം ചെയ്യുന്നവർ
സഹജീവിയെക്കൊന്നും ജയഭേരി മുഴക്കുവോർ.

ഹിംസയാൽ ജയത്തിന്റെ കാഹളം കേൾപ്പിപ്പവർ
ദേശത്തിൻ കാണംവിറ്റും പുറംമേനി നടിപ്പവർ
ഒറ്റരാത്രിയാൽ പെട്ടെന്നാൾദൈവമാകുന്നവർ
അഭിനവനേതാക്കന്മാരിവരാണിന്നീ നാട്ടിൽ

ഇവരാണു ഭയത്തിന്റെ ധ്രുവമൂർച്ചയിന്നീ മണ്ണിൽ
പരത്താൻ ശ്രമിപ്പോരിൽ മുൻപരാം ചാവേറുകൾ
ഇവരിൽനിന്നീ ലോകരക്ഷയ്ക്കായ് വരൂ വീണ്ടും
വാഗ്ധാടിയുണർത്തുന്നോരൂർജ്ജത്തിന്നുറവുമായ്.

ഭാരതശ്ശിരസ്സുതൊട്ടൊരിക്കൽ പാദം വരെ
അങ്ങുതാൻ നടത്തിയ യാത്രയ്ക്കായ് വരൂ വീണ്ടും
ഈ യാത്ര മാനവസിരാബോധതലത്തിങ്കൽ
പുതുതാം ഉണർവിൻ നേർക്കാഴ്ചയൊരുക്കട്ടെ.

ഈ ലോകനികരത്തിൻ മനസ്സിൽ ജ്ഞാനത്തിന്റെ,
അക്ഷയസ്നേഹം തീർക്കും ശാന്തിതൻ പൂരത്തിന്റെ
ദീപ്തമാം സാന്നിദ്ധ്യത്തെയാവർത്തിച്ചുറപ്പിക്കാൻ
ആ യാത്ര ഞങ്ങൾക്കെന്നും കരുത്തായ് മാറീടട്ടെ.

